## മധുരമായ കുട്ടികളേ - ശാന്തിയാകുന്ന ഗുണം വളരെ വലിയ ഗുണമാണ്, അതുകൊണ്ട് ശാന്തിയോടെ സംസാരിക്കൂ, അശാന്തി പരത്തുന്നത് അവസാനിപ്പിക്കൂ..

**ചോദ്യം:-** സംഗമയുഗത്തിൽ ബാബയിൽ നിന്നും കുട്ടികൾക്ക് ഏത് സമ്പത്താണ് ലഭിക്കുന്നത്? ഗുണവാനായിരിക്കുന്ന കുട്ടികളുടെ അടയാളങ്ങൾ എന്തൊക്കെയായിരിക്കും?
**ഉത്തരം:-** ആദ്യം ലഭിക്കുന്ന സമ്പത്താണ് ജ്ഞാനത്തിന്റെ 2. ശാന്തിയുടെ 3. ഗുണങ്ങളുടെ. ഗുണവാന്മാരായ കുട്ടികൾ സദാ സന്തോഷത്തിലിരിക്കും. ആരുടേയും അവഗുണങ്ങൾ കാണില്ല, ആരുടേയും പരാതി പറയില്ല, ആരിൽ അവഗുണങ്ങളുണ്ടോ അവരോട് കൂട്ടുകൂടില്ല. ആരെങ്കിലും എന്തെങ്കിലും പറഞ്ഞാലും കേട്ടിട്ടും കേൾക്കാതെ തന്റെ ലഹരിയിലിരിക്കും.

**ഓം ശാന്തി**. ആത്മീയ അച്ഛൻ തന്റെ ആത്മീയകുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. ഒന്ന് നിങ്ങൾക്ക് ബാബയിലൂടെ ജ്ഞാനത്തിന്റെ സമ്പത്ത് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ബാബയിൽ നിന്നും ഗുണങ്ങളെടുക്കണം. പിന്നീട് ഈ ചിത്രങ്ങളിൽ നിന്നും (ലക്ഷ്മീ-നാരായണൻ) ഗുണങ്ങളെടുക്കണം. ബാബയെ ശാന്തിയുടെ സാഗരനെന്നാണ് പറയുന്നത്,അപ്പോൾ ശാന്തിയും ധാരണ ചെയ്യണം. ശാന്തിയോടെയിരിക്കുന്നതിനുവേണ്ടി ബാബ മനസ്സിലാക്കിത്തരികയാണ് - പരസ്പരം ശാന്തിയോടെ സംസാരിക്കൂ. ഈ ഗുണം സ്വീകരിക്കണം. ജ്ഞാനമാകുന്ന ഗുണം സ്വീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഈ ജ്ഞാനം പഠിക്കണം. ഈ ജ്ഞാനം കേവലം ഒരേയൊരു വിചിത്രനായ ബാബയാണ് പഠിപ്പിക്കുന്നത്. വിചിത്രരായ ആത്മാക്കളാണ് പഠിക്കുന്നത്. ഇതാണ് ഇവിടുത്തെ പുതിയ വിശേഷത, ഇതാരും അറിയുന്നില്ല. കൃഷ്ണനെപ്പോലെ ദൈവീകഗുണങ്ങളെ ധാരണ ചെയ്യണം. ബാബ മനസ്സിലാക്കിത്തരികയാണ് ഞാൻ ശാന്തിയുടെ സാഗരനായതിനാൽ ഇവിടെ ശാന്തി സ്ഥാപിക്കുന്നു. അശാന്തി ഇല്ലാതാകുന്നു. തന്റെ പെരുമാറ്റത്തെ നോക്കണം എത്രത്തോളം ശാന്തമായിരിക്കുന്നുണ്ട്. ധാരാളം പുരുഷൻമാർ ശാന്തിയിലിരിക്കാൻ താത്പര്യപ്പെടുന്നവരുണ്ട്. ശാന്തമായിരിക്കുന്നത് നല്ലതാണെന്ന് ചിന്തിക്കുന്നു. ശാന്തിയാകുന്ന ഗുണം വളരെ ഉയർന്നതാണ്. എന്നാൽ എങ്ങനെയാണ് ശാന്തി സ്ഥാപിക്കേണ്ടത്, ശാന്തിയുടെ അർത്ഥമെന്താണ് - ഇത് ഭാരതവാസികളായ കുട്ടികൾ അറിയുന്നില്ല. ബാബ ഭാരതവാസികൾക്കുവേണ്ടിയാണ് പറയുന്നത്. ബാബ വരുന്നതും ഭാരതത്തിലേക്കാണ്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി, ഉള്ളിലും ശാന്തിയുണ്ടായിരിക്കണം. ആരെങ്കിലും അശാന്തമാക്കിയാൽ നിങ്ങൾ അശാന്തമാകുകയല്ല വേണ്ടത്. അശാന്തമാകുന്നതും അവഗുണമാണ്, അവഗുണങ്ങളെ ഇല്ലാതാക്കണം. ഓരോരുത്തരിൽ നിന്നും ഗുണം സ്വീകരിക്കണം. അവഗുണങ്ങളുടെ ഭാഗത്തേക്ക് നോക്കുക പോലും ചെയ്യരുത്. എന്തെങ്കിലും ശബ്ദം കേൾക്കുകയാണെങ്കിൽ പോലും സ്വയം ശാന്തമായിരിക്കണം. കാരണം ബാബയും, ദാദയും രണ്ടുപേരും ശാന്തമായാണിരിക്കുന്നത്. ഒരിക്കലും പിണങ്ങുന്നില്ല. തലയിട്ടടിക്കുന്നില്ല ഈ ബ്രഹ്മാബാബയും പഠിക്കുകയല്ലേ. എത്രത്തോളം ശാന്തമായിരിക്കുന്നോ, അത്രയും നല്ലതാണ്. ശാന്തിയിലൂടെയാണ് ഓർമ്മിക്കാൻ സാധിക്കുന്നത്. അശാന്തിയുള്ളവർക്ക് ഓർമ്മിക്കാൻ സാധിക്കില്ല. ഓരോരുത്തരിൽ നിന്നും ഗുണങ്ങളെ ഗ്രഹിക്കണം. ദത്താത്രയന്റെ ഉദാഹരണം ഇവിടെയാണ്. ദേവതകളെപ്പോലെ ഗുണവാന്മാരായി ആരുമില്ല. ഒരു വികാരമാണ് പ്രധാനമായിട്ടുള്ളത്, അതിന്റെമേൽ നിങ്ങൾ വിജയം നേടിക്കൊണ്ടിരിക്കുന്നു. കർമ്മേന്ദ്രിയങ്ങളുടെ മേലും വിജയം നേടണം. അവഗുണങ്ങളെ ഉപേക്ഷിക്കണം. കാണരുത്, പറയാനും പാടില്ല. ആരിൽ ഗുണമുണ്ടോ അവരുടെയടുക്കലേക്ക് പോകണം. വളരെ ശാന്തമായും മധുരമായുമിരിക്കണം. കുറച്ച് സംസാരിക്കുന്നതിലൂടെത്തന്നെ നിങ്ങൾക്ക് എല്ലാ കാര്യങ്ങളും നടത്താൻ സാധിക്കും. എല്ലാവരിൽനിന്നും ഗുണങ്ങൾ ഗ്രഹിച്ച് ഗുണവാനായി മാറണം. വിവേകശാലികളായ സൽപുത്രന്മാരായവർക്ക് ശാന്തമായിട്ടിരിക്കാൻ താൽപര്യമുണ്ടാകും. ചില ഭക്തർ ജ്ഞാനികളേക്കാൾ സൽപുത്രരായി വിനയമുള്ളവരായിരിക്കും. ഈ ബാബ അനുഭവിയല്ലേ. ലൗകികത്തിൽ ഇദ്ദേഹത്തിന്റെ അച്ഛൻ ടീച്ചറായിരുന്നു. വളരെ വിനയമുണ്ടായിരുന്നു., ശാന്തതയുമുണ്ടായിരുന്നു. ഒരിക്കലും ദേഷ്യപ്പെട്ടിരുന്നില്ല. സന്യാസിമാരുടെ മഹിമ ചെയ്യാറുണ്ടല്ലോ. ഭഗവാനെ ലഭിക്കുന്നതിനുവേണ്ടി അവർ പുരുഷാർത്ഥം ചെയ്യുന്നു. കാശിയിലും, ഹരിദ്വാറിലും പോയി വസിക്കുന്നു. കുട്ടികൾ വളരെ ശാന്തരും, മധുരതയുള്ളവരുമായിരിക്കണം. ഇവിടെ ആര് അശാന്തി പരത്തുന്നവരുണ്ടോ അവർക്ക് ശാന്തി പരത്താൻ നിമിത്തമാകാൻ സാധിക്കില്ല. അശാന്തി പരത്തുന്നവരോട് സംസാരിക്കാൻ പോലും പോകരുത്. ദൂരെയിരിക്കണം. അശാന്തി പരത്തുന്നവർ കൊക്കും, ശാന്തി പരത്തുന്നവർ ഹംസങ്ങളുമാണ് എന്ന വ്യത്യാസമുണ്ടല്ലോ. ഹംസം മുഴുവൻ ദിവസവും മുത്തുകൾ മാത്രം കൊത്തിയെടുക്കും. എഴുന്നേൽക്കുമ്പോഴും, ഇരിക്കുമ്പോഴും, നടക്കുമ്പോഴും സ്വയം ജ്ഞാനത്തെ സ്മരിച്ചുകൊണ്ടിരിക്കൂ.

മുഴുവൻ ദിവസവും ബുദ്ധിയിൽ ഇതുണ്ടായിരിക്കണം - ആർക്ക് എങ്ങനെ മനസ്സിലാക്കിക്കൊടുക്കാം, ബാബയുടെ പരിചയം എങ്ങനെ കൊടുക്കാം...

ബാബ മനസ്സിലാക്കിത്തരികയാണ് ,ഏത് കുട്ടികൾ വരുമ്പോഴും അവരെക്കൊണ്ട് ഫോം പൂരിപ്പിക്കണം. സെന്ററുകളിൽ ആരെങ്കിലും കോഴ്സിനായി വരുമ്പോൾ അവരെക്കൊണ്ട് ഫോം പൂരിപ്പിക്കണം, കോഴ്സ് വേണ്ടായെന്നുണ്ടെങ്കിൽ ഫോം പൂരിപ്പിക്കേണ്ട ആവശ്യമില്ല. ഫോം പൂരിപ്പിക്കുന്നതുകൊണ്ട് അറിയാൻ കഴിയും ഇവർ എങ്ങനെയുള്ളവരാണ്? എന്ത് മനസ്സിലാക്കിക്കൊടുക്കണം? കാരണം ലോകത്തിലുള്ളവർ ഈ കാര്യങ്ങളൊന്നും തന്നെ മനസ്സിലാക്കുന്നില്ല. എന്നാൽ ഫോം പൂരിപ്പിക്കുന്നതിലൂടെ അവരെക്കുറിച്ച് മുഴുവൻ മനസ്സിലാക്കാൻ കഴിയും. ബാബയുമായുള്ള മിലനത്തിനായും ഫോം പൂരിപ്പിക്കണം. അറിയാൻ കഴിയും എന്തിനാണ് (ബാബയെ) കാണുന്നത്? ആര് വന്നാലും അവർക്ക് പരിധിയുള്ളതും പരിധിയില്ലാത്തതുമായ ബാബയുടെ പരിചയം കൊടുക്കണം. കാരണം നിങ്ങൾക്ക് പരിധിയില്ലാത്ത ബാബ വന്ന് തന്റെ പരിചയം നൽകിയിരിക്കുന്നു. നിങ്ങൾ മറ്റുള്ളവർക്കും പരിചയം കൊടുക്കൂ. ബാബയുടെ പേര് ശിവനെന്നാണ്. ശിവപരമാത്മായ നമഃ എന്നല്ലേ പറയാറുള്ളത്. ഭക്തിയിലുള്ളവർ കൃഷ്ണദേവതായ നമഃ എന്ന് പറയും. ശിവനെ, ശിവ പരമാത്മായ നമഃ എന്ന് പറയും. ബാബ പറയുന്നു, എന്നെ ഓർമ്മിക്കൂ... നിങ്ങളുടെ എല്ലാ പാപങ്ങളും ഭസ്മമാകും. മുക്തി- ജീവന്മുക്തിയുടെ സമ്പത്തിനുവേണ്ടി തീർച്ചയായും പവിത്രമായി മാറണം. അതാണ് പവിത്രമായ ലോകം, ഇതിനെയാണ് സതോപ്രധാനമായ ലോകമെന്ന് പറയുന്നത്.ബാബ പറയുന്നു, അവിടേക്ക് പോകണമെങ്കിൽ  എന്നെ ഓർമ്മിക്കണം... ഇത് വളരെ സഹജമാണ്. ആരായാലും ഫോം പൂരിപ്പിച്ച് പിന്നീട് നിങ്ങൾ അവർക്ക് കോഴ്സ് കൊടുക്കൂ. ഒരു ദിവസം പൂരിപ്പിക്കൂ പിന്നീട് മനസ്സിലാക്കിക്കൊടുക്കൂ. വീണ്ടും ഫോറം പൂരിപ്പിക്കൂ അപ്പോൾ നമ്മൾ എന്താണോ അവർക്ക് മനസ്സിലാക്കിക്കൊടുത്തത് അത് ഓർമ്മയുണ്ടോ അതോ ഇല്ലയോ എന്ന് അറിയാൻ കഴിയും. രണ്ട് ദിവസത്തെ ഫോമുകൾ തമ്മിൽ തീർച്ചയായും വ്യത്യാസമുണ്ട് എന്ന് നിങ്ങൾക്ക് കാണാൻ കഴിയും. എന്താണ് മനസ്സിലാക്കിക്കൊടുത്തത്? നമ്മൾ മനസ്സിലാക്കിക്കൊടുത്തതിനെക്കുറിച്ച് എന്തെങ്കിലും ചിന്തിച്ചോ അതോ ഇല്ലയോ? എന്ന് നിങ്ങൾക്കും അറിയാൻ സാധിക്കും. ഈ ഫോറം എല്ലാവരുടെയടുക്കലും ഉണ്ടായിരിക്കണം. ബാബ മുരളിയിൽ എന്ത് നിർദ്ദേശങ്ങൾ നൽകുന്നുവോ അത് വലിയ-വലിയ സെന്ററുക ളിൽ പെട്ടെന്ന് പ്രാവർത്തികമാക്കണം. ഫോം ഉണ്ടാക്കണം. ഇല്ലെങ്കിൽ എങ്ങനെ അറിയാൻ കഴിയും. അവരും സ്വയം ചിന്തിക്കും- ഇന്നലെ എന്താണ് എഴുതിയത്, ഇന്ന് എന്താണ് എഴുതിയത്? ഫോം വളരെ ആവശ്യമാണ്. വേറെ വേറെ അച്ചടിക്കേണ്ട ആവശ്യമില്ല. ഒരു സ്ഥലത്ത് അച്ചടിച്ച് എല്ലാ ഭാഗത്തേക്കും അയച്ചുകൊടുത്താലും മതി. ഇങ്ങനെയാണ് മറ്റുള്ളവരുടെ മംഗളം ചെയ്യുക.

നിങ്ങൾ കുട്ടികൾ ഇവിടേക്ക് വന്നിരിക്കുന്നത് ദേവീ ദേവതകളായി മാറാനാണ്. ദേവത എന്നുള്ള ശബ്ദം വളരെ ഉയർന്നതാണ്. ദൈവീകഗുണങ്ങൾ ധാരണ ചെയ്തവരെയാണ് ദേവതകളെന്ന് പറയുക. ഇപ്പോൾ നിങ്ങൾ ദൈവീകഗുണങ്ങൾ ധാരണ ചെയ്തുകൊണ്ടിരിക്കുകയാണ്. എവിടെയാണോ പ്രദർശിനി അഥവാ ചിത്രശാലകളുള്ളത് അവിടെ ഈ ഫോമുകൾ ധാരാളം ഉണ്ടായിരിക്കണം. എങ്ങിനെയുള്ള അവസ്ഥയാണെന്ന് ഇതിലൂടെ അറിയാൻ സാധിക്കും. മനസ്സിലാക്കിയിട്ട് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കണം. കുട്ടികൾ സദാ ഗുണങ്ങളെ വർണ്ണിച്ചുകൊണ്ടിരിക്കണം, അവഗുണങ്ങളെയല്ല. നിങ്ങൾ ഗുണവാനായി മാറുന്നവരല്ലേ. ആരിലാണോ വളരെയധികം ഗുണങ്ങളുള്ളത് അവർക്ക് മറ്റുള്ളവരിലേക്കും ഗുണങ്ങളെ നിറക്കുവാൻ സാധിക്കും. അവഗുണങ്ങളുള്ളവർക്ക് ഒരിക്കലും ഗുണ ങ്ങൾ പരത്തുവാൻ സാധിക്കില്ല. കുട്ടികൾക്കറിയാം  സമയം ഇനി അധികം ബാക്കിയില്ല. വളരെയധികം പുരുഷാർത്ഥം ചെയ്യണം. ബാബ മനസ്സിലാക്കിത്തരികയാണ്-നിങ്ങൾ ദിവസേന യാത്ര ചെയ്യുന്നവരാണ്, യാത്ര ചെയ്തുകൊണ്ടേയിരിക്കൂ. പാടാറില്ലേ അതീന്ദ്രിയസുഖം ഗോപഗോപികമാരോട് ചോദിക്കൂ - ഇത് അന്തിമസമയത്തെ കാര്യമാണ്. ഇപ്പോൾ സംഖ്യാക്രമത്തിലാണ്. ചിലർ ഉള്ളിൽ സന്തോഷത്തിന്റെ ഗീതം പാടിക്കൊണ്ടേയിരിക്കുന്നു - ആഹാ! പരമപിതാവായ പരമാത്മാവിനെ ഞങ്ങൾക്ക് ലഭിച്ചു, ഞങ്ങൾ ബാബയിൽ നിന്നും സമ്പത്ത് നേടുന്നു. അവർക്ക് ഒരു പരാതിയും ഉണ്ടായിരിക്കില്ല. ആരെങ്കിലും എന്തെങ്കിലും പറഞ്ഞാലും കേട്ടിട്ടും കേൾക്കാതെ തന്റെ ലഹരിയിലിരിക്കണം. ദുഃഖങ്ങളോ രോഗങ്ങളോ ഉണ്ടെങ്കിലും നിങ്ങൾ ഓർമ്മയിലിരിക്കൂ. ഈ കണക്ക് ഇപ്പോൾ തീർക്കേണ്ടതാണ്. പിന്നീട് നിങ്ങൾ 21 ജന്മത്തിലേക്ക് പൂക്കളായി മാറും. അവിടെ ദുഖത്തിന്റെ കാര്യമേ ഉണ്ടായിരിക്കില്ല. പാടാറില്ലേ സന്തോഷം പോലെ മറ്റൊരു ടോണിക്കില്ല. അപ്പോൾ ആലസ്യമെല്ലാം പറന്നുപോകും, ഇവിടെയുള്ളത് സത്യമായ സന്തോഷമാണ്, ലോകത്തുള്ളത് അസത്യമാണ്. ധനം ലഭിച്ചു, ആഭരണം ലഭിച്ചു, സന്തോഷമുണ്ടായി രിക്കും. ഇതാണ് പരിധിയില്ലാത്ത കാര്യം. നിങ്ങൾക്ക് അളവില്ലാത്ത സന്തോഷത്തോടെയിരിക്കണം. നിങ്ങൾക്കറിയാം നമ്മൾ 21 ജന്മത്തിലേക്ക് സദാ സുഖിയായിരിക്കും. ഈ ഓർമ്മയിലിരിക്കൂ - നമ്മൾ

എന്തായി മാറുന്നവരാണ്. ബാബാ എന്ന് വിളിക്കുന്നതിലൂടെത്തന്നെ ദുഃഖം ദൂരെയാകണം. ഇത് 21 ജന്മത്തിലേക്കുള്ള സന്തോഷമാണ്. ഇനി കുറച്ച് ദിവസങ്ങളേയുള്ളു. നമ്മൾ നമ്മുടെ സുഖധാമത്തിലേക്ക് പോകും. പിന്നീട് ഒന്നും ഓർമ്മയുണ്ടായിരിക്കില്ല. ഈ ബാബ തന്റെ അനുഭവം കേൾപ്പിക്കുകയാണ്. എത്ര വാർത്തകളാണ് വരുന്നത്, ധാരാളം ഉരസലുകൾ ഉണ്ടാകുന്നുണ്ട്. ബാബക്ക് ഒരു കാര്യങ്ങളിലും ദുഃഖങ്ങളുണ്ടാകുന്നില്ല. കേട്ടു, ശരി അതും നല്ലതിന്. ഇതൊന്നും ഒന്നുമല്ല, നമ്മൾ അളവില്ലാത്ത സമ്പത്തിന്റെ ഉടമകളായി മാറുന്നവരാണ്. തന്നോടുതന്നെ സംസാരിക്കുമ്പോളാണ് സന്തോഷമുണ്ടാകുന്നത്. വളരെ ശാന്തമായിരിക്കും, അവരുടെ മുഖത്തും വളരെ പ്രസന്നതയുണ്ടായിരിക്കും. സ്കോളർഷിപ്പ് നേടുന്നവർക്ക് മുഖത്ത് എത്ര സന്തോഷമാണുള്ളത്. ഈ ലക്ഷ്മീ-നാരായണനെപ്പോലെ സന്തോഷത്തിലിരിക്കുന്നതിനുവേണ്ടി നിങ്ങൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇവരിൽ ജ്ഞാനമില്ല. നിങ്ങൾക്ക് ജ്ഞാനമുണ്ട് അതിനാൽ സന്തോഷമുണ്ടായിരിക്കണം. സന്തോഷം വേണം, ഈ ദേവതകളേക്കാളും നിങ്ങൾ വളരെ ഉയർന്നവരാണ്. ജ്ഞാനത്തിന്റെ സാഗരനായ ബാബ നമുക്ക് എത്ര ഉയർന്ന ജ്ഞാനമാണ് നൽകുന്നത്. അവിനാശിയായ ജ്ഞാനരത്നങ്ങളുടെ ലോട്ടറി ലഭിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ എത്ര സന്തോഷമുണ്ടായിരിക്കണം. നിങ്ങളുടെ ഈ ജന്മം വജ്രസമാനമെന്ന് പാടപ്പെടുന്നു. ജ്ഞാനസാഗരൻ ബാബയാണ്. ഈ ദേവതകളെ ഇങ്ങനെ പറയില്ല. നിങ്ങൾ ബ്രാഹ്മണരാണ് നോളേജ്ഫുൾ. നിങ്ങൾക്ക് ഈ ജ്ഞാനത്തിന്റെ സന്തോഷമുണ്ടായിരിക്കണം. ഒന്ന് , ബാബയെ കിട്ടിയതിന്റെ സന്തോഷമുണ്ടായിരിക്കണം. നിങ്ങൾക്കല്ലാതെ ഈ സന്തോഷം മറ്റാർക്കുമില്ല. ഭക്തിമാർഗ്ഗത്തിൽ സദാകാലത്തേക്കുള്ള സുഖമില്ല. ഭക്തിമാർഗ്ഗത്തിൽ കൃത്രിമമായ അൽപകാലസുഖമാണ്. സത്യയുഗത്തിന്റെ പേരുതന്നെ സ്വർഗ്ഗം, സുഖധാമം എന്നൊക്കെയാണ്. സത്യയുഗത്തിൽ അപാരമായ സുഖവും, ഇവിടെ കലിയുഗത്തിൽ അപാരമായ ദുഃഖവുമാണ്.രാവണരാജ്യത്തിൽ നമ്മൾ എത്രത്തോളം മോശമായി മാറിയിരിക്കുന്നുവെന്ന് ഇപ്പോൾ കുട്ടികൾക്കറിയാം. അൽപാൽപമായി താഴേക്ക് ഇറങ്ങിവന്നു. ഇത് വിഷയസാഗരമാണ്. ഇപ്പോൾ ബാബ ഈ വിഷയസാഗരത്തിൽനിന്ന് മാറ്റി നിങ്ങളെ ക്ഷീരസാഗരത്തിലേക്ക് കൂട്ടിക്കൊണ്ടുപോവുകയാണ്. കുട്ടികൾക്ക് ഇവിടെ വളരെ മധുരമായി അനുഭവപ്പെടുന്നു. പിന്നീട് മറക്കുന്നതിലൂടെ എന്ത് അവസ്ഥയാണ് ഉണ്ടാകുന്നത്. ബാബ എത്ര സന്തോഷത്തെയാണ് വർദ്ധിപ്പിക്കുന്നത്. ഇത് ജ്ഞാനാമൃതത്തിന്റെ മഹിമയാണ്. ജ്ഞാനാമൃതം കുടിച്ചുകൊണ്ടേയിരിക്കണം. ഇവിടെ നിങ്ങൾക്ക് വളരെ നല്ല ലഹരിയുണ്ടായിരിക്കണം. ഇവിടെ നിന്ന് പുറത്തുപോകുമ്പോൾ ഈ ലഹരി കുറയുന്നു. ബാബ സ്വയം പറഞ്ഞുതരികയാണ്, ഇവിടെ കുട്ടികൾക്ക് വളരെ നല്ല ഫീലിങ്ങ് വരണം - നമ്മൾ തന്റെ വീട്ടിലേക്ക് പോവുകയാണ്. നമ്മൾ ബാബയുടെ ശ്രീമതത്തിലൂടെ രാജധാനിയുടെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മൾ യോദ്ധാക്കളാണ്. ഈ എല്ലാ ജ്ഞാനവും ബുദ്ധിയിലുണ്ട്, ഇതിലൂടെ നിങ്ങൾ ഉയർന്ന പദവി നേടുന്നു. പഠിപ്പിക്കുന്നതാരാണെന്നുനോക്കൂ!.. പരിധിയില്ലാത്ത ബാബയാണ് പഠിപ്പിക്കുന്നത്,ബാബ നമ്മളെ പരിവർത്തനപ്പെടുത്തുകയാണ്. കുട്ടികളുടെയുള്ളിൽ എത്ര സന്തോഷമുണ്ടായിരിക്കണം. മറ്റുള്ളവർക്ക് എങ്ങനെ സന്തോഷം കൊടുക്കാമെന്നും ഹൃദയത്തിലുണ്ടായിരിക്കണം. രാവണന്റേത് ശാപമാണ്, ബാബയിൽനിന്ന് ലഭിക്കുന്നത് സമ്പത്താണ്. രാവണന്റെ ശാപത്തിലൂടെ നിങ്ങൾ എത്ര ദുഃഖികളും, അശാന്തരുമായി മാറി. വളരെയധികം ഗോപന്മാരുണ്ട് അവർക്കും സേവനം ചെയ്യാൻ ആഗ്രഹമുണ്ട്. എന്നാൽ ജ്ഞാനത്തിന്റെ കലശം മാതാക്കൾക്കാണ് ലഭിച്ചിരിക്കുന്നത്. ശക്തിസ്വരൂപമല്ലേ. വന്ദേ മാതരമെന്ന് പാടാറുണ്ട്. ഒപ്പം സഹോദരന്മാരുമുണ്ട്. എന്നാൽ പേര് മാതാക്കൾക്കാണ്. ആദ്യം ലക്ഷ്മി, പിന്നീട് നാരായണൻ. ആദ്യം സീത, പിന്നീട് രാമൻ. ഇവിടെ കലിയുഗത്തിൽ ആദ്യം പതിയുടെ പേരും, പിന്നീട് പത്നിയുടെ പേരും എഴുതുന്നു. ഇതും കളിയല്ലേ. ബാബ എല്ലാം മനസ്സിലാക്കിത്തരികയാണ്. ഭക്തിമാർഗ്ഗത്തിന്റെ രഹസ്യവും മനസ്സിലാക്കിത്തരികയാണ്. ഭക്തിയിൽ എന്തൊക്കെയാണ് നടക്കുന്നത്. ഏത് വരേക്ക് ജ്ഞാനമില്ലയോ അതുവരേക്ക് ഒന്നും അറിയാൻ കഴിയില്ല. ഇപ്പോൾ നിങ്ങളും മനസ്സിലാക്കി. ആദ്യം നമ്മളും അറിവില്ലാത്തവരായിരുന്നു. അഴുക്കിൽ പെട്ടുകിടക്കുകയായിരുന്നു. ഇപ്പോൾ എല്ലാവരുടെ സംസ്കാരവും പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിങ്ങളുടേത് ദൈവീകസംസ്കാരമായി മാറിക്കൊണ്ടിരിക്കുകയാണ്. അഞ്ച് വികാരങ്ങളിലൂടെ ആസുരീയസംസ്കാരമുണ്ടാകുന്നു. എത്രമാറ്റമാണ് ഉണ്ടാകുന്നത്. പരിവർത്തനം വരണമല്ലോ. ശരീരമുപേക്ഷിച്ചുപോയാൽ പിന്നീട് പരിവർത്തനമൊന്നും ഉണ്ടാകില്ല. ബാബയിൽ ശക്തിയുണ്ട്, എത്ര പരിവർത്തനമാണ് കൊണ്ടുവരുന്നത്. ചില കുട്ടികൾ തന്റെ അനുഭവങ്ങൾ കേൾപ്പിക്കുകയാണ് - ഞങ്ങൾ വളരെ കാമവാസനയുള്ളവരായിരുന്നു, വളരെ മദ്യപാനിയായിരുന്നു, ഞങ്ങളിൽ എത്ര പരിവർത്തനമുണ്ടായി. ഇപ്പോൾ ഞങ്ങൾ വളരെ സ്നേഹത്തോടെയാണിരിക്കുന്നത്. ആനന്ദക്കണ്ണീരുണ്ടാകുന്നു. ബാബ വളരെയധികം മനസ്സിലാക്കിത്തരുന്നു. എന്നാൽ ഈ കാര്യങ്ങളെല്ലാം കുട്ടികൾ മറക്കുകയും ചെയ്യുന്നു. മറക്കുന്നില്ലെങ്കിൽ വളരെ സന്തോഷമുണ്ടായിരിക്കും. നമുക്ക് വളരെപ്പേരുടെ മംഗളം ചെയ്യണം. മനുഷ്യർ വളരെ ദുഃഖിതരാണ്,

അവർക്ക് വഴി പറഞ്ഞുകൊടുക്കണം. മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടി എത്ര പരിശ്രമിക്കണം. അപമാനം സഹിക്കേണ്ടതായിവരും. ആദ്യം എല്ലാവരും ഇങ്ങനെ ശബ്ദമുയർത്തിയിരുന്നു- ഇവർ എല്ലാവരേയും സഹോദരീ-സഹോദരരാക്കി മാറ്റുന്നു. നോക്കൂ, സഹോദരീ-സഹോദരബന്ധം നല്ലതല്ലേ. നിങ്ങൾ ആത്മാക്കൾ സഹോദരങ്ങളാണ്. എന്നാൽ ജന്മജന്മാന്തരങ്ങളിലെ ദൃഷ്ടി വളരെ ഉറച്ചുപോയി, പരിവർത്തനപ്പെടുന്നില്ല. ബാബയുടെ അടുത്ത് വളരെ വാർത്തകൾ വരുന്നുണ്ട്. ബാബ മനസ്സിലാക്കിത്തരികയാണ് ഈ മോശപ്പെട്ട ലോകത്തു നിന്നും നിങ്ങളുടെ മനസ്സിനെ മാറ്റണം. പൂക്കളായി മാറണം. എത്രയോ ജ്ഞാനം കേട്ടിട്ടും മറക്കുന്നു. മുഴുവൻ ജ്ഞാനവും മറന്നുപോകുന്നു. കാമം മഹാശത്രുവല്ലേ. (ബ്രഹ്മാ)ബാബ വളരെ അനുഭവിയാണ്. ഈ വികാരത്തിന്റെ പുറകേ പോയി രാജാക്കന്മാർ പോലും തന്റെ രാജ്യപദവി നഷ്ടപ്പെടുത്തുന്നു. കാമം വളരെ മോശമാണ്. എല്ലാവരും പറയാറുമുണ്ട്, ബാബാ ഇത് വളരെ വലിയ ശത്രുവാണ്. ബാബ പറയുന്നു, കാമത്തെ ജയിക്കുന്നതിലൂടെ നിങ്ങൾ വിശ്വത്തിന്റെ അധികാരിയായി മാറുന്നു. എന്നാൽ കാമവികാരം അത്രയും കടുത്തതാണ്, പ്രതിജ്ഞ ചെയ്യുന്നു ശേഷം വീണ്ടും വീണുപോകുന്നു. വളരെ പ്രയാസപ്പെട്ടാണ് ചിലർ പരിവർത്തനപ്പെടുന്നത്. ഈ സമയത്ത് മുഴുവൻ ലോകത്തിന്റേയും സംസ്കാരം മോശമാണ്. പാവനലോകം എപ്പോഴാണ് ഉണ്ടായിരുന്നത്, എങ്ങനെയാണ് ഉണ്ടായത്, ഇവർ എങ്ങനെയാണ് രാജ്യഭാഗ്യം നേടിയത്? ഇതൊന്നും ആർക്കും പറഞ്ഞുതരാൻ സാധിക്കില്ല. നിങ്ങൾ വിദേശങ്ങളിൽ പോകും, എങ്ങനെയാണ് സ്വർഗ്ഗത്തിന്റെ സ്ഥാപനയുണ്ടാകുന്നതെന്ന് അവരും കേൾക്കും.ഭാവിയിൽ ഇങ്ങനെയുള്ള സമയം വരും .നിങ്ങളുടെ ബുദ്ധിയിൽ ഈ എല്ലാ കാര്യങ്ങളും നല്ലരീതിയിലുണ്ട്. ഈ ഒരൊറ്റ കാര്യത്തിൽ മുഴുകണം. ബാക്കി എല്ലാ കാര്യങ്ങളും മറക്കണം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും, പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും ,സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) എഴുന്നേൽക്കുമ്പോഴും ,ഇരിക്കുമ്പോഴും, നടക്കുമ്പോഴും ജ്ഞാനത്തെ സ്മരിച്ച് മുത്തുകൾ കൊത്തിയെടുക്കുന്ന ഹംസമായി മാറണം. എല്ലാവരിൽ നിന്നും ഗുണങ്ങളെ സ്വീകരിക്കണം. പരസ്പരം ഗുണങ്ങൾ മാത്രം പരത്തണം.

2) തന്റെ മുഖം സദാ പ്രസന്നമാക്കിവെക്കുന്നതിനുവേണ്ടി സ്വയം തന്നോടുതന്നെ സംസാരിക്കണം- നമ്മൾ അളവില്ലാത്ത സമ്പത്തിന്റെ അധികാരിയായി മാറിയിരിക്കുന്നു. ജ്ഞാനസാഗരനായ ബാബയിലൂടെ നമുക്ക് ജ്ഞാനരത്നങ്ങളുടെ ലോട്ടറിയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

## വരദാനം- തന്റെ ടൈറ്റിലിന്റെ(സ്വമാനത്തിന്റെ)സ്ഥിതിയിൽ ഇരുന്നുകൊണ്ട് സമർത്ഥ സ്ഥിതി കൈവരിക്കുന്ന സ്വമാനധാരിയായി ഭവിക്കട്ടെ.

സംഗമയുഗത്തിൽ സ്വയം പരമാത്മാവ് തന്റെ കുട്ടികൾക്ക് ശ്രേഷ്ഠമായ ടൈറ്റിലുകൾ(സ്വമാനങ്ങൾ) തന്നി ട്ടുണ്ട്.അതിനാൽ തനിക്കു ലഭിച്ച ടൈറ്റിലുകളെക്കുറിച്ചുള്ള ആത്മീയലഹരിയിൽ ഇരിക്കണം.ഏത് ടൈറ്റി ലാണോ ഓർമ്മ വരുന്നത് അതുപോലെയുള്ള സമർത്ഥസ്ഥിതി ഉണ്ടാകുന്നു.ഉദാഹരണത്തിന്,സ്വദർശന ചക്രധാരി എന്ന സ്വമാനത്തിലൂടെ പരദർശനം ഇല്ലാതാക്കണം,സ്വദർശനത്തിനു മുന്നിൽ മായയുടെ കഴു ത്തറക്കണം എന്ന ഓർമ്മവരുന്നു.മഹാവീരനാണ് എന്ന ടൈറ്റിൽ ഓർമ്മവരുമ്പോൾ സ്ഥിതി ഉറച്ചതും,ഇ ളകാത്തതുമാകുന്നു.അങ്ങിനെ സ്വമാനങ്ങളിലൂടെ സമർത്ഥസ്ഥിതി ഉണ്ടാക്കുന്നവരെയാണ് ശ്രേഷ്ഠസ്വ മാനധാരി എന്ന് വിളിക്കുന്നത്.

## സ്ലോഗൻ - അലഞ്ഞുതിരിയുന്ന ആത്മാക്കളുടെ ആഗ്രഹങ്ങളെ പൂർത്തീകരിക്കുന്നതിനായി ശരിയും തെറ്റും വേർതിരിച്ചറിയുന്നതിനുള്ള ശക്തിയെ വർദ്ധിപ്പിക്കൂ.